## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *212** — **07.12.2018- ൽ മറുപടിക്ക്**

# മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>,, സി.കെ. ഹരീന്ദ്രൻ<br>,, സി.കൃഷ്ണൻ<br>,, പി.കെ. ശശി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെടുന്ന അഞ്ചുവർഷം പൂർത്തിയായ മേഖലകളിലെല്ലാം ഈ സർക്കാർ കാലയളവിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ച കഴിഞ്ഞോ; ഇതോടൊപ്പം സ്വകാര്യ മേഖലയിലെ നഴ്സുമാർക്കുൾപ്പെടെ നിശ്ചിത മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; | (എ) 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെടുന്ന 5 വർഷം പൂർത്തിയായ 22 തൊഴിൽ മേഖലകളിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 9 മേഖലകളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും മറ്റ് മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയുടെ കീഴിലുള്ള സബ്കമ്മിറ്റികളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. |
| (ബി) അഞ്ചുവർഷത്തിലൊരിക്കൽ പുതുക്കേണ്ട മിനിമം വേതനം പുതുക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും സമ്പദ് വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി വേതന ഘടനയിൽ ആവശ്യാധിഷ്ഠിത വാർഷിക വർദ്ധനവ് ഉറപ്പാക്കാനും സാധ്യമാകുമോ; | (ബി) സമയബന്ധിതമായി മിനിമം വേതനം പുതുക്കി സർക്കാരിന് ശിപാർശ സമർപ്പിക്കാൻ മിനിമം വേതന ഉപദേശക സമിതിയ്ക്ക് നിർദ്ദേശം നൽകാറുണ്ട്. ആയതിൻ പ്രകാരം നടപടികൾ സ്വീകരിച്ച സമിതി ശിപാർശ നൽകുന്ന മുറയ്ക്ക് മിനിമം വേതനം പുതുക്കി നിശ്ചയിക്കാറുണ്ട്.<br>ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുള്ള എല്ലാ തൊഴിൽ മേഖലകളിലും വാർഷിക ഇൻക്രിമെന്റ് ഉൾപ്പെടുത്തിയാണ് ശമ്പളം നിശ്ചയിക്കുന്നത്. ഇതു കൂടാതെ എല്ലാ മിനിമം വേതന വിജ്ഞാപനങ്ങളിലും ഉപഭോക്തൃവില സൂചിക അടിസ്ഥാനമാക്കിയുള്ള വേരിയബിൾ ഡിഎ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) പെൻഷനും ഇതര ആനുകൂല്യങ്ങളും നൽകി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയും വാർദ്ധക്യകാല പരിരക്ഷണവും ഉറപ്പുവരുത്താൻ വേണ്ടി സ്ഥാപിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ലക്ഷ്യമിടുന്ന പുനഃസംഘടനയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) ബോർഡുകളുടെ സാമ്പത്തിക ഭദ്രത, പ്രവർത്തന സ്വഭാവം, പ്രവർത്തന സൗകര്യം അംഗബലം എന്നിവ പരിഗണിച്ച് ബോർഡുകളെ സംയോജിപ്പിച്ച് അവയുടെ എണ്ണം ചുരുക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഡി) വിവിധ അസംഘടിത - പരമ്പരാഗത മേഖലകളിൽ നിന്ന് വിരമിച്ച തൊഴിലാളികൾക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | (ഡി) അസംഘടിത സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾ വിരമിക്കുമ്പോൾ അർഹതയ്ക്കനുസരിച്ച് വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, എന്നിവയും വിരമിക്കുന്നതിന് മുമ്പ് ശാരീരിക അവശത നേരിടുന്നവർക്ക് അവശതാ പെൻഷനും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

## ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മിനിമം വേതനം പുതുക്കി നിശ്ചയിച്ച മേഖലകൾ

| ക്രമ. നം. | തൊഴിൽ മേഖല |
|---|---|
| 1 | ഹോസ്റ്റൽസ് |
| 2 | ഐസ് ഫാക്ടറീസ് |
| 3 | സെയിൽ പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൽസ് |
| 4 | പ്രിന്റിംഗ് പ്രസസ് |
| 5 | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് |
| 6 | ഹാന്റ്ലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് |
| 7 | കെയിൻ ആന്റ് ബാംബു ഇൻഡസ്ട്രി |
| 8 | ആയുർവേദിക്ക് ആന്റ് അലോപ്പതിക് മെഡിസിൻ |
| 9 | ഷോപ്സ് ഹോട്ടൽ ആന്റ് റസ്റ്റാറന്റ് |
| 10 | ഡൊമസ്റ്റിക് വർക്സ് |
| 11 | ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി |
| 12 | ഓയിൽമിൽ |
| 13 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി |
| 14 | സെക്യൂരിറ്റി സർവ്വീസ് |
| 15 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് |
| 16 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് |
| 17 | ഫാർമസിസ്റ്റ് ഇൻ മെഡിക്കൽ ഷോപ്പ് |
| 18 | ഓയിൽപാം |
| 19 | പ്രൈവറ്റ് ഹോസ്പിറ്റൽസ് |
| 20 | ഫിഷ് പീലിംഗ്, ഫിഷ് കാനിംങ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീഫുട്സ് |
| 21 | ഖാദി ഇൻഡസ്ട്രീസ് |
| 22 | ഹാൻഡ്ലൂം ആന്റ് ഡൈലി പീസ് റേറ്റ്സ് എംപ്ലോയീസ് |
| | ഹാൻഡ്ലൂം കം മന്ത്.ലി പെയ്ഡ് എംപ്ലോയീസ് |

## മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള മേഖലകളും അതിനായി സ്വീകരിച്ച നടപടികളും

| ക്രമ. നം. | തൊഴിൽ മേഖല | സ്വീകരിച്ച നടപടി |
|---|---|---|
| 1. | ഫോറസ്റ്റ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 2. | റബ്ബർ പ്രോഡക്ട് ഇൻഡസ്ട്രീസ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 3. | മൈനർ പോർട്ട് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 4. | ടോഡി ടാപ്പിംഗ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 5. | ഹാന്റിക്രാഫ്റ്റ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 6. | സിനിമാ തീയറ്ററുകൾ | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 7. | ഫർണ്ണിച്ചർ ഇൻഡസ്ട്രി | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 8. | റിവർ സാന്റ് കളക്ഷൻ & സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആന്റ് ബിൽഡിംഗ് ഓപ്പറേഷൻസ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 9. | സ്വീപ്പിംങ് ആന്റ് ക്ലീനിംഗ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 10. | പെട്രോൾപമ്പ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 11. | മൈനർ എഞ്ചിനീയറിംഗ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 12 | റൈസ്മിൽ, ഫ്ളവർമിൽ, ദാൽമിൽ | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 13 | ഡ്രൈയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഫോർ കൊപ്ര | 04/07/17 ലെ സ.ഉ (സാധാ) 65/2017/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തെളിവെടുപ്പുകൾ നടത്തി സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. |
| 14. | ഇലക്ട്രോണിക് ഇൻഡസ്ട്രി | ,, |
| 15. | ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി | ,, |
| 16. | ലിക്വർ ട്രേഡിംഗ് ആന്റ് വെന്റിംഗ് | ,, |
| 17. | മാർബിൾ ആന്റ് ഗ്രാനൈറ്റ് ഇൻഡസ്ട്രി | ,, |
| 18. | ബ്ളോക്ക് റബ്ബർ ഫാക്ടറീസ് | ,, |
| 19. | സ്ക്രീൻ പ്രിൻറിംഗ് | ,, |
| 20. | ടിംബർ കട്ടിംഗ് | ,, |
| 21. | ട്രീ ക്ലൈംബിംങ് | ,, |
| 22. | കടനിർമ്മാണം | ,, |
| 23. | എൽ.പി.ഗ്യാസ് | 10/09/18 ലെ സ.ഉ (സാധാ) 80/2018/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തെളിവെടുപ്പുകൾ നടത്തി സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. |
| 24. | ബ്രൂവറീസ് | ,, |
| 25. | ഹോസിയറി മാനുഫാക്ച്ചറിംഗ് | ,, |

| | | |
|---|---|---|
| 26. | സ്റ്റാർ ഹോട്ടൽ | ,, |
| 27. | ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രി | ,, |
| 28. | അലുമിനിയം ആന്റ് ടിൻ പ്രോഡക്ട് | ,, |
| 29. | ടെലിംഫിലിം ആന്റ് മോഷൻ പിക്ചർ | ,, |
| 30. | ബ്രിക്സ് മാനുഫാക്ചറിംഗ് | ,, |
| 31. | തീപ്പെട്ടി വ്യവസായം | ,, |
| 32. | പ്ലാസ്റ്റിക് ഇൻഡസ്ട്രി | ,, |
| 33. | പവർലൂം | ,, |
| 34. | പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്(നോൺ ടീച്ചിംഗ്) | ,, |
| 35. | പ്രൈവറ്റ് ടെംപിൾസ് | ,, |
| 36. | കമ്പ്യൂട്ടർ സോഫ്റ്റ് വെയർ | ,, |
| 37. | ഇലക്ട്രിക് എക്വിപ്മെന്റ്സ് ഹോം അപ്ലൈയൻസ് ആന്റ് ഓപ്പറേഷൻസ് ഓഫ് സോഫ്റ്റ് വെയർ സിസ്റ്റം | ,, |
| 38. | മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ് | ,, |
| 39. | സോപ്പ് മാനുഫാക്ചറിഗ് | ,, |
| 40. | ടാനറീസ് ആന്റ് ലെതർ മാനുഫാക്ചറിംഗ് | |
| 41. | വാട്ടർ ബോട്ട് ട്രാൻസ്പോർട്ട് | ,, |
| 42. | കയർ വ്യവസായം | ,, |
| 43. | കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ് ഓഫ് ഡാംസ് | ,, |
| 44. | ഡയമണ്ട് കട്ടിംഗ് & പോളീഷിംഗ് | ,, |
| 45. | ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫീസ് | ,, |

സെക്ഷൻ ഓഫീസർ